പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 495 **13-10-2026-ൽ മറുപടിയ്ക്ക്**

പുതിയ വ്യവസായ നിക്ഷേപങ്ങൾ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. സി. ആർ. മഹേഷ്

ശ്രീ. കെ. പി. നൗഷാദ് അലി

ശ്രീ. കെ. പ്രവീൺ കുമാർ

ശ്രീ. സിറിയക് തോമസ്

മറുപടി നൽകിയ മന്ത്രി

ശ്രീ. പി. കെ. കൃഞ്ഞാലിക്കുട്ടി
(വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്തേക്ക് പുതിയ വ്യവസായ നിക്ഷേപങ്ങൾ ആകർഷിക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദമാക്കാമോ;

മറുപടി: സംസ്ഥാനത്തേക്ക് കൂടുതൽ സംരംഭകരെയും നിക്ഷേപകരെയും ആകർഷിക്കുന്നതിനും പുതിയ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനും വേഗത്തിലുള്ളതും സുതാര്യവുമായ അനുമതി നടപടികൾ ഉറപ്പാക്കുന്ന കാര്യക്ഷമമായ ഏകജാലക സംവിധാനം നിർണായകമാണെന്ന് സർക്കാർ വിലയിരുത്തുന്നു. വിവിധ വകുപ്പുകളിൽ നിന്നുള്ള അനുമതികൾ സമയബന്ധിതമായി ലഭ്യമാക്കുക, നടപടിക്രമങ്ങളിലെ കാലതാമസം കുറയ്ക്കുക, നിക്ഷേപകർക്ക് ആവശ്യമായ മാർഗനിർദ്ദേശങ്ങളും പിന്തുണയും ഏകോപിതമായി ലഭ്യമാക്കുക എന്നിവയിലൂടെ നിക്ഷേപ സൗഹൃദ അന്തരീക്ഷം ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു.

ഇതിന്റെ ഭാഗമായി, സർക്കാരിന്റെ 100 ദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തി, നിക്ഷേപകർക്ക് ആവശ്യമായ സൗകര്യങ്ങളും അനുമതികളും മാർഗനിർദേശങ്ങളും ഏകോപിപ്പിച്ച് ലഭ്യമാക്കുന്നതിനായി കെ.എസ്.ഐ.ഡി.സി-യുടെ കീഴിൽ 'ഇൻവെസ്റ്റ് കേരളം സെൽ' പ്രവർത്തനക്ഷമമാക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. നിലവിലുള്ള നിക്ഷേപ പ്രോത്സാഹന-സുഗമമാക്കൽ സംവിധാനത്തെ ശക്തിപ്പെടുത്തിയാവും ഈ സെൽ പ്രവർത്തിക്കുന്നത്.

കൂടാതെ, സംസ്ഥാനത്തേക്ക് വിദേശ നിക്ഷേപങ്ങൾ ആകർഷിക്കുന്നതിനും പ്രവാസി മലയാളികളുടെ നിക്ഷേപ പങ്കാളിത്തം ശക്തിപ്പെടുത്തുന്നതിനുമായി സർക്കാരിന്റെ 100 ദിന കർമ്മ പരിപാടിയുടെ ഭാഗമായി ദുബായ്, ലണ്ടൻ, ന്യൂയോർക്ക്, സിംഗപ്പൂർ, ടോക്കിയോ എന്നീ അഞ്ച് ആഗോള നഗരങ്ങളിൽ 'കേരള ഡെസ്കുകൾ' സ്ഥാപിക്കുന്നതിന് സർക്കാർ തത്വത്തിൽ അനുമതി നൽകിയിട്ടുണ്ട്. അതത് നഗരങ്ങളിലെ പ്രവാസി മലയാളി സംഘടനകളുടെയും കേരള വംശജരായ വ്യവസായികളുടെയും നിക്ഷേപകരുടെയും ശൃംഖല പ്രയോജനപ്പെടുത്തി നിക്ഷേപ സാധ്യതകൾ കണ്ടെത്തുകയും താൽപ്പര്യമുള്ള നിക്ഷേപകരെ ഇൻവെസ്റ്റ് കേരളം സെല്ലുമായി ബന്ധിപ്പിച്ച് ആവശ്യമായ പിന്തുണ ലഭ്യമാക്കുകയും ചെയ്യുന്നതിലൂടെ കേരളത്തിലേക്ക് കൂടുതൽ ആഭ്യന്തര-വിദേശ നിക്ഷേപങ്ങൾ ആകർഷിക്കാനാണ് ലക്ഷ്യമിടുന്നത്.

(ബി) പുതിയ വ്യവസായങ്ങൾ ആരംഭിക്കുന്നതിനുള്ള അനുമതികൾ ലഭിക്കാൻ എടുക്കുന്ന കാലതാമസവും നടപടിക്രമങ്ങളും കുറയ്ക്കാൻ എന്ത് നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ;

<u>മറുപടി:</u> പുതിയ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ ലളിതമാക്കുന്നതിനും വിവിധ വകുപ്പുകളിൽ നിന്നുള്ള അനുമതികൾ ലഭിക്കുന്നതിലെ കാലതാമസം കുറയ്ക്കുന്നതിനുമായി 'സരൾ കേരളം' എന്ന ഏക നിയമാധിഷ്ഠിത അതോറിറ്റി രൂപീകരിച്ചുകൊണ്ട് 'ഒരു സംസ്ഥാനം – ഒരു അനുമതി – ഒരു രേഖ' (One State – One Approval – One Document) എന്ന സംവിധാനത്തിന് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്.

ഈ സംവിധാനത്തിൽ സാങ്കേതിക പരിശോധനയും അന്തിമ അനുമതി നൽകലും വേർതിരിക്കുന്ന ഘടനയാണ് വിഭാവനം ചെയ്തിട്ടുള്ളത്. അപേക്ഷകളുടെ സാങ്കേതിക പരിശോധന ബന്ധപ്പെട്ട വകുപ്പുകൾ തന്നെ നിർവഹിക്കുമ്പോൾ, അന്തിമ തീരുമാനം ചീഫ് സെക്രട്ടറി അധ്യക്ഷനായ സംസ്ഥാനതല അംഗീകാര സമിതിയും ജില്ലാ കളക്ടർ അധ്യക്ഷനായ ജില്ലാതല അംഗീകാര സമിതിയും കൈക്കൊള്ളുന്ന രീതിയിലാണ് സംവിധാനം ആസൂത്രണം ചെയ്തിട്ടുള്ളത്. 50 കോടി രൂപയ്ക്ക് മുകളിലുള്ള നിക്ഷേപങ്ങളുമായി ബന്ധപ്പെട്ട അന്തിമ തീരുമാനങ്ങൾ സംസ്ഥാനതല സമിതിയും 25 കോടി രൂപയ്ക്ക് മുകളിൽ 50 കോടി രൂപ വരെയുള്ള നിക്ഷേപങ്ങളുമായി ബന്ധപ്പെട്ട തീരുമാനങ്ങൾ ജില്ലാതല സമിതിയും കൈക്കൊള്ളും.

പൊതു ഓൺലൈൻ പോർട്ടലിലൂടെ ഒറ്റ അപേക്ഷ സമർപ്പിച്ച് പരമാവധി 75 ദിവസത്തിനുള്ളിൽ സംയോജിതമായ 'ഇന്റഗ്രേറ്റഡ് എന്റർപ്രൈസ് ക്ലിയറൻസ് സർട്ടിഫിക്കറ്റ്' ലഭ്യമാക്കുന്നതിനും ഓരോ ഘട്ടത്തിനും നിശ്ചിത സമയപരിധി ഉറപ്പാക്കുന്നതിനും ഈ സംവിധാനം ലക്ഷ്യമിടുന്നു. ഇതിലേക്കാവശ്യമായ നിയമനിർമ്മാണം ഉൾപ്പെടെയുള്ള നടപടികൾ പുരോഗമിച്ചുവരികയാണ്.

ഇതിനുപുറമേ, കേന്ദ്ര വാണിജ്യ-വ്യവസായ മന്ത്രാലയത്തിന് കീഴിലുള്ള ഡിപ്പാർട്ട്മെന്റ് ഫോർ പ്രൊമോഷൻ ഓഫ് ഇൻഡസ്ട്രി ആൻഡ് ഇന്റേണൽ ട്രേഡ് (DPIIT) നടപ്പിലാക്കുന്ന State Business Reforms Action Plan (SBRAP) 2026 -ലെ പരിഷ്കരണ ശുപാർശകൾ സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന്റെ ഭാഗമായി അപേക്ഷാ നടപടികൾ കൂടുതൽ ലളിതവും സുഗമവുമാക്കുന്നതിനായി നിലവിലുള്ള ഏകജാലക സംവിധാനമായ കെ-സ്വിഫ്റ്റിൽ (K-SWIFT) പരിഷ്കാരങ്ങൾ നടപ്പിലാക്കുന്നതിനുള്ള നടപടികളും പുരോഗമിച്ചുവരികയാണ്. ഇതിലൂടെ നിക്ഷേപകർക്ക് കൂടുതൽ സമയബന്ധിതവും സുതാര്യവുമായ സേവനം ഉറപ്പാക്കാൻ സാധിക്കുമെന്ന് സർക്കാർ പ്രതീക്ഷിക്കുന്നു.

(സി) വ്യവസായ സൗഹൃദ സംസ്ഥാനമാക്കി കേരളത്തെ മാറ്റാൻ എന്തെല്ലാം ചെയ്യാൻ കഴിയുമെന്ന് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

<u>മറുപടി:</u> സംസ്ഥാനങ്ങളിൽ ബിസിനസ് സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുന്നതിനും വ്യവസായങ്ങൾ ആരംഭിക്കുന്നതിനും പ്രവർത്തിപ്പിക്കുന്നതിനുമുള്ള നടപടിക്രമങ്ങൾ ലളിതമാക്കുന്നതിനും നിക്ഷേപകർക്ക് അനുകൂലമായ സാഹചര്യം ഉറപ്പാക്കുന്നതിനുമായി സ്റ്റേറ്റ് ബിസിനസ്സ് റിഫോം ആക്ഷൻ പ്ലാൻ 2026 പ്രകാരമുള്ള പരിഷ്കരണ നടപടികൾ സർക്കാർ നടപ്പിലാക്കിവരികയാണ്. മുൻ പതിപ്പുകളിൽനിന്ന് വ്യത്യസ്തമായി, 2026-ലെ പ്രവർത്തനപദ്ധതിയിൽ സ്റ്റേറ്റ് ബിസിനസ് റിഫോം ആക്ഷൻ പ്ലാൻ, ഡിസ്ട്രിക്ട് ബിസിനസ് റിഫോം ആക്ഷൻ പ്ലാൻ, സിംഗിൾ വിൻഡോ സിസ്റ്റം എന്നീ മൂന്ന് ഘടകങ്ങളാണുള്ളത്. ഇതിന്റെ ഭാഗമായി സംസ്ഥാനത്തിന് നടപ്പിലാക്കുന്നതിനായി യഥാക്രമം 24 വകുപ്പുകളുമായി ബന്ധപ്പെട്ട 74 പരിഷ്കരണ ശുപാർശകളും, 29 വകുപ്പുകളുമായി ബന്ധപ്പെട്ട 219 പരിഷ്കരണ ശുപാർശകളും, 30 വകുപ്പുകളുമായി ബന്ധപ്പെട്ട 46 പരിഷ്കരണ ശുപാർശകളുമാണ്

സംസ്ഥാനങ്ങൾക്ക് നൽകിയിരിക്കുന്നത്. പ്രസ്തുത പരിഷ്കരണങ്ങൾ നടപ്പിലാക്കുന്നതിനായി ബന്ധപ്പെട്ട വകുപ്പുകളുമായി ഏകോപിപ്പിച്ച് നടപടികൾ സ്വീകരിച്ചുവരികയാണ്.

ഇതിനുപുറമേ, നിക്ഷേപകർക്ക് ഏകോപിതമായ പിന്തുണ ഉറപ്പാക്കുന്നതിനായി കെ.എസ്.ഐ.ഡി.സി-യുടെ കീഴിൽ ആരംഭിക്കുന്ന 'ഇൻവെസ്റ്റ് കേരളം സെൽ', അനുമതി നടപടികൾ ലളിതമാക്കുന്നതിനും സമയബന്ധിതമായി സംയോജിത അനുമതി ലഭ്യമാക്കുന്നതിനുമായി വിഭാവനം ചെയ്തിട്ടുള്ള 'സരൾ കേരളം' സംവിധാനം, വിദേശ നിക്ഷേപകരുമായും പ്രവാസി മലയാളികളുമായും നേരിട്ടുള്ള ബന്ധം ശക്തിപ്പെടുത്തുന്നതിനായി സ്ഥാപിക്കുന്ന 'കേരള ഡെസ്കുകൾ' എന്നിവ പരസ്പരപൂരകമായി പ്രവർത്തിക്കുന്നതിലൂടെ കേരളത്തിന്റെ വ്യവസായ സൗഹൃദ അന്തരീക്ഷം കൂടുതൽ മെച്ചപ്പെടുത്തുന്നതിനും കൂടുതൽ സംരംഭകരെയും നിക്ഷേപകരെയും ആകർഷിക്കുന്നതിനും സംസ്ഥാനത്തിന്റെ വ്യവസായ വളർച്ചയ്ക്ക് ആക്കം കൂട്ടുന്നതിനും സാധിക്കുമെന്ന് സർക്കാർ പ്രതീക്ഷിക്കുന്നു.

സംസ്ഥാനത്ത് ചെറുകിട, ഇടത്തരം വ്യവസായങ്ങൾ ആരംഭിക്കുവാനും നിലവിലെ സംരംഭങ്ങൾ നടത്തുവാനും കെ.എസ്.ഐ.ഡി.സി. കുറഞ്ഞ പലിശ നിരക്കിൽ (നിലവിൽ 8.55% -10.55%) 60 കോടി രൂപ വരെ വായ്പയായി നല്കി വരുന്നു. ഓരോ മാസത്തിന്റെയും അവസാനം കുടിശിക ഇല്ലായെങ്കിൽ പലിശ നിരക്കിൽ അര ശതമാനം വരെ വീണ്ടും കുറവ് നൽകി വരുന്നു. കൂടാതെ, ഈ പ്രൊജെക്ടുകളിൽ പ്രമോട്ടർമാർ കൊണ്ടുവരേണ്ട വിഹിതം 66% വരെ അൺസെക്യൂർഡ് വായ്പയായി കൊണ്ടുവരാൻ അനുവദിച്ചിട്ടുണ്ട്. പ്രത്യേക പരിഗണനാ വിഭാഗത്തിലുള്ള ഉൽപാദനം, വിനോദസഞ്ചാരം, ആരോഗ്യ പരിപാലനം എന്നീ മേഖലകളിലെ വ്യവസായങ്ങൾക്ക് വായ്പ - ഇക്വിറ്റി അനുപാതം 2:1 വരെയും മറ്റ് വ്യവസായങ്ങൾക്ക് 1.5:1 വരെയും വായ്പ നല്കി വരുന്നു. സർക്കാർ സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, വിശ്വസനീയമായ കോർപ്പറേറ്റുകൾ എന്നിവ നൽകുന്ന യോഗ്യമായ പർച്ചേസ് ഓർഡറുകൾ നടപ്പിലാക്കുന്നതിനായി എഞ്ചിനീയറിംഗ് ഘടക നിർമ്മാതാക്കൾക്ക് പ്രവർത്തന മൂലധന സഹായം നൽകുന്നതിനായി റിവോൾവിംഗ് പർച്ചേസ് ഓർഡർ സ്കീം പുതുതായി നടപ്പിലാക്കുന്നുണ്ട്.

സെക്ഷൻ ഓഫീസർ